

**പോൾ കല്ലാനോട്**

*പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.*

# വരക്കാൻ പഠിക്കാം

## 2

നിങ്ങൾ പഠിച്ച ‘റ’ എന്ന അക്ഷരം ചെറുതും വലുതുമാക്കി കൂട്ടിച്ചേർത്ത്, അത് തല തിരിച്ചും ചെയ്ത് റ റ ഇങ്ങനെയെഴുതി കഷ്ടപ്പെട്ട് ഒരു മേഘവും പിന്നെ ഒരു മരവും ഉണ്ടാക്കിയോ? യന്ത്രം ചെയ്യുന്നതു പോലെയല്ലാതെ അത് ഈസിയായി ചെയ്താൽ പല മരങ്ങളുമാകും.



പക്ഷേ, നിങ്ങൾ കുട്ടികൾ ഒരു പ്രയാസവുമില്ലാതെ കുറെ വരച്ചാൽ, പേടി കൂടാതെ വരച്ചാൽ ഭംഗി കൂടും. നീളത്തിൽ, വീതിയിൽ, ഉയരത്തിൽ എല്ലാം ഓരോ മരത്തിനും വ്യത്യാസം കണ്ട് വരക്കണം. ഓരോ മരത്തിനും ഓരോ ആകൃതി വരും. അങ്ങനെയാണല്ലോ പ്രകൃതിയിലെ മരങ്ങൾ. അതുകൊണ്ട് ധൈര്യമായി പ്രാക്ടീസ് ചെയ്യാം. അപ്പോൾ നമ്മുടെ വരകൾക്ക് ഒരു ഒഴുക്കു വരും. ശക്തി വരും. ‘റ’ യുടെ ആകൃതിയിൽ മാറ്റം വരും. ഭംഗി കൂടുകയേയുള്ളൂ. രണ്ടു മരം

വരയ്ക്കുമ്പോൾ രണ്ട് ആകൃതി വരുത്താനാവുമോ എന്നു നോക്കണം. കൈക്ക് അനായാസമായി ഒരു സുഖം അനുഭവപ്പെടും. അത് വേറെന്തെങ്കിലും വരക്കുമ്പോഴും ഗുണം ചെയ്യും. മറക്കരുത്. ഇതൊന്നും ആരുടെയും പ്രശംസയോ സമ്മാനമോ കിട്ടാനല്ല. നമുക്ക് നന്നാവാനാണ്. നമ്മുടെ വരയ്ക്കാനുള്ള ശേഷി വർദ്ധിക്കാനാണ്. ഇനി മരങ്ങൾ വരയ്ക്കുമ്പോൾ ഒരേ രൂപത്തിൽ വരയ്ക്കേണ്ട. ഓരോ മരവും ഓരോ രൂപത്തിലാവണം. നമ്മൾ 'റ' യെ മറക്കാൻ തുടങ്ങി.



ഇപ്പോൾ നമ്മൾ കുറച്ചുകൂടി സ്വാതന്ത്ര്യമെടുത്തു തുടങ്ങി. കാര്യം നിസ്സാരം. പക്ഷേ, സ്വാതന്ത്ര്യം തന്നെയാണ് പ്രധാനം. കുറെക്കൂടി മരം വരയ്ക്കൂ. ഭംഗി വന്നുതുടങ്ങിയില്ലേ? സ്വാതന്ത്ര്യവും ധൈര്യവും കൂടിയാൽ സംഗതി എളുപ്പമായില്ലേ? പറയാനെളുപ്പമാണ്. പക്ഷേ, പ്രയത്നിക്കാൻ മുൻകൈ എടുക്കണം. തെറ്റിയാൽ തെറ്റട്ടെ. ഇനിയൊരു സത്യം പറയാം. ഇങ്ങനെയൊന്നുമല്ല മരം വരയ്ക്കാൻ പഠിക്കേണ്ടത്. പിന്നെ എങ്ങനെയാണെന്നോ? തുടർന്നുള്ള പാഠങ്ങൾ പറയും.

*(ഇനി അടുത്തപാഠം)*